**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1317

13/12/2012 -ൽ
മറുപടിക്ക്

## ഓട്ടോമേറ്റഡ് ഗ്യാസ് ബുക്കിംഗ് സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.എ.അഹമ്മദ് കബീർ | **ശ്രീ. അനൂപ് ജേക്കബ്**<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) ഉപഭോക്താവ് ഓട്ടോമേറ്റഡ് ബുക്കിംഗ് സംവിധാനത്തിൽ ഗ്യാസ് സിലിണ്ടറിനായി ബുക്ക് ചെയ്ത് കഴിഞ്ഞ് ഡോക്കറ്റ് നമ്പറും ലഭിച്ച് സമയക്രമത്തിൽ ക്യാഷ് ബില്ലിംഗും കഴിഞ്ഞാൽ ഉടൻ തന്നെ സിലിണ്ടർ നൽകണമെന്ന് വ്യവസ്ഥയുണ്ടോ; | (എ) ഓട്ടോമേറ്റഡ് ബുക്കിംഗ് സംവിധാനം ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയാണ് ഒരുക്കിയിരിക്കുന്നത്. ഗ്യാസ് സിലിണ്ടറുകൾ ബുക്ക് ചെയ്ത ക്രമത്തിൽ ലഭ്യമാക്കുന്നുണ്ട്. |
| (ബി) എങ്കിൽ ക്യാഷ് ബില്ലിംഗ് കഴിഞ്ഞ് എത്ര സമയത്തിനുള്ളിലാണ് ഉപഭോക്താവിന് സിലിണ്ടർ എത്തിച്ചു കൊടുക്കേണ്ടത്; | (ബി) സാധാരണ നിലയിൽ ക്യാഷ് ബില്ലിംഗ് കഴിഞ്ഞ് രണ്ട് ദിവസത്തിനുള്ളിൽ സിലിണ്ടർ എത്തിച്ചു കൊടുക്കുന്നു. |
| (സി) പ്രസ്തുത വ്യവസ്ഥ ഗ്യാസ് ഏജൻസി പാലിച്ചില്ലെങ്കിൽ സ്വീകരിക്കുന്ന നടപടികളെന്തെന്ന് വ്യക്തമാക്കുമോ; | (സി) ക്രമാതീതമായ കാലതാമസമുണ്ടെങ്കിൽ ഡിസ്ട്രിബ്യൂട്ടർഷിപ്പ് എഗ്രിമെൻറ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ഡി) ഉപഭോക്താവിന് ക്യാഷ് മെമ്മോ ആവുകയും എന്നാൽ പല കാരണങ്ങൾ പറഞ്ഞ് സിലിണ്ടർ എത്തിക്കാതെ നീക്കുന്നത് മൂലം റീബുക്കിംഗിന് ഉള്ള ധാർമ്മികമായ അവസരം നീളുന്നതിന് ഉത്തരവാദികളാരാണ് ; വ്യക്തമാക്കുമോ? | (ഡി) ക്യാഷ് മെമ്മോ ആയതിനുശേഷം ഗ്യാസ് സിലിണ്ടറുകളുടെ സ്റ്റോക്ക് ഇല്ലാതെവരിക, ഉപഭോക്താക്കൾക്ക് ഒഴിഞ്ഞ സിലിണ്ടറുകളോ വാങ്ങാൻ ധനമോ ഇല്ലാതെ വരിക, ഉപഭോക്താക്കളുടെ വീടുകൾ അടച്ചിരിക്കുക എന്നീ സാഹചര്യങ്ങൾ ഒഴിച്ച് ഗ്യാസ് സിലിണ്ടറുകൾ വീടുകളിൽ സമയത്ത് എത്തിച്ചു കൊടുക്കുന്നതിന്റെ ഉത്തരവാദിത്വം ഗ്യാസ് ഏജൻസികളിൽ നിക്ഷിപ്തമാണ്. |

സെക്ഷൻ ഓഫീസർ